# കാർഷിക കാലാവസ്ഥ വെള്ളിയാഴ്ച ബുള്ളറ്റിൻ

**കൊല്ലം ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്**

**കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം**

**കേരള കാർഷിക സർവ്വകലാശാല**

സദാനന്ദപുരം, കൊട്ടാരക്കര

**AAS No. 100/2022** **കാലാവസ്ഥ പ്രവചനം** **16.12.2022**

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ഡിസംബർ 17 | 2022 ഡിസംബർ 18 | 2022 ഡിസംബർ 19 | 2022 ഡിസംബർ 20 | 2022 ഡിസംബർ 21 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 0 | 0 | 4 | 1 | 0.2 |
| ഉയർന്ന താപനില (°C) | 35 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 18 | 17 | 17 | 17 | 17 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 82 | 82 | 82 | 82 | 82 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 4 | 7.6 | 7.4 | 6.6 | 6.9 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 120 | 90 | 90 | 120 |
| മേഘ വ്യാപ്തി (ഒക്ടാ) | 2 | 2 | 5 | 7 | 7 |

## മഴ മുന്നറിയിപ്പ്

| 2022 ഡിസംബർ 16 | 2022 ഡിസംബർ 17 | 2022 ഡിസംബർ 18 | 2022 ഡിസംബർ 19 | 2022 ഡിസംബർ 20 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, ജില്ലയില് അനുഭവപ്പെട്ട കൂടിയ താപനില 34.5 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ ഡിസംബർ 18 മുതൽ ഡിസംബർ 20 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴക്കും സാധ്യത. കൂടിയ താപനില 35°C വരെയും കുറഞ്ഞ താപനില 17°C വരെയും ആകാൻ സാധ്യത.

47 - മത് കാലാവസ്ഥ ആഴ്ചയുടെ (19.11.2022 to 25.11.2022) NDVI നീരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് നല്ല നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ഒക്ടോബർ 27 മുതൽ 2022 നവംബർ 23 വരെ ജില്ലയിൽ മിതമായ ഈർപ്പവും മിതമായ വരണ്ട അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക.

## കാർഷികനിർദ്ദേശങ്ങൾ

# മാവ്






- മാവ് പൂത്തു കണ്ണിമാങ്ങയാകുന്ന സമയം മുതൽ തന്നെ കായീച്ചകളെ നിയന്ത്രിക്കുന്നതിനായി Methyl Eugenol ഫിറമോൺ കെണികൾ ഉപയോഗിക്കാവുന്നതാണ്.
- 15 സെന്ററിലേക്ക് ഒരു കെണി എന്ന തോതിൽ കെണി കെട്ടി തൂക്കി ഇടുകയാണ് ചെയ്യേണ്ടത്.
- ഇതോടൊപ്പം വീട്ടിൽ തന്നെ തയ്യാറാക്കാവുന്ന തുളസിക്കെണിയും ഉപയോഗിക്കുന്നത് ഫലപ്രദമാണ്.
- ഒരു ചിരട്ടയിൽ അൽപ്പം തുളസിയിലയും കീടനാശിനികളായ ഇക്കാലക്സ്, മാലത്തിയോൺ തുടങ്ങിയവയിലേതെങ്കിലും ചേർത്ത ശേഷം ഉറി പോലെ ശിഖരങ്ങളിൽ കെട്ടി തൂക്കി ഇടാവുന്നതാണ്.
- ഇവ 4 കെണികൾ ഒരു മാവിന് എന്ന തോതിൽ ഉപയോഗിക്കാം.
- 5 ദിവസത്തെ ഇടവേളകളിലായി തുളസിക്കെണികൾ മാറ്റി പുതിയത് സ്ഥാപിക്കുകയും ചെയ്യണം.

# നെല്ല്





- നെല്ല് പൂക്കുന്നത് മുതൽ മൂപ്പെത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ഒരു കീടമാണ് ചാഴി.
- ഇവയെ പ്രതിരോധിക്കുന്നതിനായി വയലിലും വരമ്പത്തും ഉള്ള കളകൾ പൂർണമായും നശിപ്പിക്കുക.
- നെല്ലിൽ ചാഴിയുടെ ആക്രമണം ശ്രദ്ധയിൽ പെടുകയാണെങ്കിൽ ഫിഷ് അമിനോ ആസിഡ് 15-30 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്.
- രാവിലെ 9 മണിക്ക് മുമ്പോ വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്ന് തളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.